LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ?

പിറവം നിയോജകമണ്ഡലത്തിലെ കുത്താട്ടുകുളത്ത് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി ശോചനീയാവസ്ഥയിലായിരുന്ന പഴയ പോലീസ് ക്വാർട്ടേഴ്സുകൾ ലേലം നടത്തി പൊളിച്ചു നീക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

വിവാഹ വാഗ്ദാനം നൽകി കബളിപ്പിച്ചതിനെ തുടർന്ന് പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ

87 (1449) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിവാഹ വാഗ്ദാനം നൽകി കബളിപ്പിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ഉയർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വിവാഹ വാഗ്ദാനം നൽകി കബളിപ്പിച്ചതിനെ തുടർന്ന് ആത്മഹത്യ ചെയ്ത പെൺകുട്ടികളുടെ കണക്ക് 2016 മുതൽ 2020 വരെ വർഷങ്ങളിൽ വർഷംതിരിച്ച് ലഭ്യമാക്കാമോ?

വിവാഹ വാഗ്ദാനം നൽകി കബളിപ്പിച്ചതിനെ തുടർന്ന് ആത്മഹത്യ ചെയ്ത പെൺകുട്ടികളുടെ കണക്ക് 2016 മുതൽ 2020 വരെ വർഷം തിരിച്ച് അനുബന്ധമായി കൊടുത്തിരിക്കുന്നു..*

കുമാരി രമ്യ ഹരിദാസ് എം.പി.-ക്കെതിരെ വധഭീഷണി മുഴക്കിയ നേതാക്കൾക്കെതിരെ നടപടി

88 (1450) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലുറപ്പ് തൊഴിലാളികൾക്കൊപ്പം സെൽഫി എടുത്തതിന് കുമാരി രമ്യ ഹരിദാസ് എം.പി.-ക്കെതിരെ വധഭീഷണി മുഴക്കിയ സി.പി.എം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.